**ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം**
തൈക്കാട്, തിരുവനന്തപുരം .695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

# <u>പുനർ ക്വട്ടേഷൻ നോട്ടീസ്</u>

**ഫയൽ നം.സിഎഫ്എസ്/5176/2021-ബി1** **തീയതി.04/04/2025**

**വിഷയം:** ഭക്ഷ്യ സുരക്ഷാ വകുപ്പ് - എൻഫോഴ്സ്മെന്റ് - 2024-25 സ്റ്റാട്യൂട്ടറി സാമ്പിൾ പരിശോധന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ പേപ്പർ സ്ലിപ്പുകളും, ലേബലുകളും അച്ചടിക്കുന്നതിന് ആവശ്യമായ പേപ്പർ വാങ്ങുന്നതിന് പുനർ ക്വട്ടേഷൻ ക്ഷണിക്കുന്നത് - സംബന്ധിച്ച്

**സൂചന:**
1. അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ 2343/2024/എഫ്2/ഡിപി തീയതി 19/09/2024 നമ്പറായ കത്ത്
2. 24/03/2025 തീയതിയായ ഇതേ ഫയൽ നമ്പർ പ്രകാരമുള്ള ക്വട്ടേഷൻ

സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സുരക്ഷാ സ്റ്റാട്യൂട്ടറി സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നതിന് ആവശ്യമായ പേപ്പർ സ്ലിപ്പ്, ലേബൽ എന്നിവ അച്ചടിക്കുന്നതിന് ഉപയോഗിക്കുന്ന 170 GSM Double Crown Sticker Paper സ്പെസിഫിക്കേഷനിൽ 5000 എണ്ണം പേപ്പറുകൾ ലഭ്യമാക്കുന്നതിന് വിലയടിസ്ഥാനമാക്കിയുള്ള ക്വട്ടേഷനുകൾ സൂചന (2) പ്രകാരം ക്ഷണിച്ചിരുന്നു. ആയത് മതിയായ ക്വട്ടേഷനുകൾ ലഭിക്കാത്ത സാഹചര്യത്തിൽ, ചുവടെ ലഭ്യമാക്കിയിട്ടുള്ള സ്പെസിഫിക്കേഷനിൽ വിലയടിസ്ഥാനമാക്കിയുള്ള പുനർ ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| SL No. | Item Specification | Total Numbers |
|---|---|---|
| 1 | 180 GSM Double Crown Sticker Paper | 5000 |

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി **2025 April 09 വൈകീട്ട് 03 മണിക്കകം** <u>**ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയം, ഭക്ഷ്യ സുരക്ഷാ ഭവൻ, തൈക്കാട്, തിരുവനന്തപുരം 695014**</u> എന്ന വിലാസത്തിൽ ലഭിക്കണം. ലഭിക്കുന്ന ക്വട്ടേഷനുകൾ ബന്ധപ്പെട്ട അധികാരികൾ അന്നേ ദിവസം വൈകീട്ട് 4 മണിക്ക് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ ഒന്നോ മുഴുവനായോ പ്രത്യേക കാരണങ്ങൾ കൂടാതെ നിരസിക്കാനും ഈ ക്വട്ടേഷൻ നോട്ടീസ് റദ്ദാക്കാനും ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് അധികാരം ഉണ്ടായിരിക്കും.

വിശ്വസ്തതയോടെ,

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ

പകർപ്പ്,

1. വെബ്സൈറ്റ് : //www.foodsafetykerala@gmail.com//
2. നോട്ടീസ് ബോർഡ് : ഭക്ഷ്യസുരക്ഷാഭവൻ
3. കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്